LBRD-C3/78/2023-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - STRIVE പദ്ധതി - റിസൾട്ട് ഏര്യാ 01 ൽ  തുക അനുവദിക്കുന്നതിനും, റിസൾട്ട് ഏര്യാ 04 ൽ ഉൾപ്പെട്ട ഇൻഡസ്ട്രി ക്ലസ്റ്ററുകൾക്ക് പുനർവിന്യാസം വഴി തുക അനുവദിയ്ക്കുന്നതിനും സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.610/2023/LBR തീയതി,തിരുവനന്തപുരം, 22-05-2023

---

പരാമർശം:- 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 18/03/2023, 03/04/2023 തീയതികളിലെ SPIU/6/2022-A2 നം. കത്തുകൾ.

**ഉത്തരവ്**

ഡി.ജി.റ്റി റിസൾട്ട് ഏര്യാ 01 ൽ മൂന്നാം ഗഡുവായി അനുവദിച്ച 230 ലക്ഷം രൂപയിൽ നിന്നും, $1^{st}$ ഫേസിൽ തെരെഞ്ഞെടുത്ത ഐ.ടി.ഐ.കൾക്ക് ഒരു കോടി രൂപ അനുവദിക്കുന്നതിനും, $3^{rd}$ ഫേസിൽ തെരെഞ്ഞെടുത്ത ഐ.ടി.ഐ.കൾക്ക് ത്രികക്ഷി കരാർ ഒപ്പുവെച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ട ആദ്യ ഗഡു തുക ഇതുവരെയും അനുവദിക്കാത്ത സാഹചര്യത്തിൽ, പുനർവിന്യാസം വഴി 82,20,000/- രൂപ അനുവദിക്കുന്നതിനും, റിസൾട്ട് ഏര്യാ 04 ൽ ഉൾപ്പെട്ട ഇൻഡസ്ട്രി ക്ലസ്റ്ററുകൾക്ക് 47,80,000/- രൂപയും പുനർവിന്യാസം വഴി അനുവദിയ്ക്കുന്നതിനായുള്ള സർക്കാർ അനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) STRIVE പദ്ധതിയിൽ റിസൾട്ട് ഏര്യാ 01 ന് മൂന്നാം ഗഡുവായി  349.79 ലക്ഷം രൂപ ഡിജിറ്റി റിലീസ് ചെയ്തിരുന്നു എന്നും  ടി തുക അഡീഷണൽ ആതറൈസേഷൻ മുഖേന സർക്കാരിൽ നിന്നും അനുവദിച്ച്  ഉത്തരവായതിനെ തുടർന്ന്, സ്റ്റേറ്റ് ട്രഷറിയിൽ നിന്നും STRIVE പദ്ധതിയുടെ സിംഗിൾ നോഡൽ അക്കൗണ്ടിൽ (SNA) ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട് എന്നും, പദ്ധതി നടത്തിപ്പിന് ഡിജിടി അനുവദിയ്ക്കുന്ന തുക വിവിധ ഇംപ്ലിമെന്റേഷൻ ഏജൻസികൾക്ക് വിതരണം ചെയ്യുന്നതിന് മുൻപായി സർക്കാർ അനുമതി തേടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നും  കൂടാതെ ഡിജിറ്റി പുറപ്പെടുവിച്ച SNA മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാനങ്ങൾ / UT കൾക്കുള്ള ഫണ്ടുകളുടെ തുടർന്നുള്ള തുകകൾ, റിലീസ് ചെയ്ത ഫണ്ടിന്റെ 75% വിനിയോഗിച്ചതിന് ശേഷം മാത്രമേ അനുവദിക്കാൻ കഴിയു എന്ന നിബന്ധന ഉള്ളതിനാലും, STRIVE സ്കീം 2024 മെയ് അവസാനത്തോടെ അവസാനിക്കുന്നതിനാലും, പ്രോഗ്രാം ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി റിസൾട്ട് ഏര്യാ 01 ൽ അനുവദിച്ച 230 ലക്ഷം രൂപ ഇംപ്ലിമെന്റേഷൻ എജൻസികൾക്ക് (18 ഐ.ടി.ഐകൾക്കും, 4 ഇൻഡസ്ട്രി ക്ലസ്റ്ററുകൾക്കും)  ഡി.ജി.ടി നിഷ്കർഷിച്ചത് പ്രകാരം തുക വിതരണം ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട് എന്നും, ആയതിനാൽ ഡിജിടിയിൽ നിന്നും പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുള്ളതും ബാങ്ക് അക്കൗണ്ടിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളതുമായ തുക ഇംപ്ലിമെന്റേഷൻ എജൻസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് സ്റ്റേറ്റ്

പ്രോജക്റ്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്ട്രൈവ് (STRIVE) പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഡിജിറ്റി റിസൾട്ട് ഏര്യാ 01 ൽ മൂന്നാം ഗഡുവായി അനുവദിച്ച 230 ലക്ഷം രൂപയിൽ നിന്നും, $1^{st}$ ഫേസിൽ തെരെഞ്ഞെടുത്ത ഐ.ടി.ഐ.കൾക്ക് ഒരു കോടി രൂപ അനുവദിക്കുന്നതിനും, $3^{rd}$ ഫേസിൽ തെരെഞ്ഞെടുത്ത ഐ.ടി.ഐ.കൾക്ക് ത്രികക്ഷി കരാർ ഒപ്പുവെച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ട ആദ്യ ഗഡു തുക ഇതുവരെയും അനുവദിക്കാത്ത സാഹചര്യത്തിൽ, പുനർവിന്യാസം വഴി 82,20,000/- (എൺപത്തിരണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപ അനുവദിക്കുന്നതിനും, റിസൾട്ട് ഏര്യാ 04 ൽ ഉൾപ്പെട്ട ഇൻഡസ്ട്രി ക്ലസ്റ്ററുകൾക്ക് 47,80,000/- (നാല്പത്തിയേഴ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയും പുനർവിന്യാസം വഴി അനുവദിയ്ക്കുന്നതിന് സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ.കെ.ചന്ദ്ര

ജോയിന്റ് സെക്രട്ടറി

സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usharani L
Date: 22-05-2023 11:12:20

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്